I/5455611/2022

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

നം. DMB1/251/2022-DMD
ദുരന്തനിവാരണ (ബി) വകുപ്പ്
തിരുവനന്തപുരം,
തീയതി: 14-10-2022

<u>സർക്കുലർ</u>

വിഷയം:- ദുരന്തനിവാരണ വകുപ്പ് - സംസ്ഥാന ദുരന്ത പ്രതികരണ നിധി - പ്രവൃത്തികളുടെ പൂർത്തീകരണ ശേഷം വിവരങ്ങൾ ഉൾപ്പെടുത്തിയ ഫലകം സ്ഥാപിക്കുന്നത് - സംബന്ധിച്ച്.

**********************

സംസ്ഥാന ദുരന്തപ്രതികരണ നിധിയിൽ നിന്നും ഭരണാനുമതി ലഭിച്ച പുനരുദ്ധാരണ പ്രവൃത്തികളുടെ പൂർത്തീകരണ ശേഷം ടി പ്രവൃത്തികളെ സംബന്ധിക്കുന്ന വിവരങ്ങൾ വ്യക്തമായി രേഖപ്പെടുത്തിയിട്ടുള്ള ഫലകം സ്ഥാപിക്കേണ്ടതാണെന്ന് നിർദ്ദേശം നിലവിലുണ്ടെങ്കിലും പല സ്ഥലങ്ങളിലും ഇത്തരത്തിൽ ഫലകം സ്ഥാപിക്കാതിരിക്കുകയോ അല്ലെങ്കിൽ താല്കാലികമായി ചെറിയ ഫലകം സ്ഥാപിക്കുന്നതായും സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആയതിനാൽ ഒരു ഏകീകൃത ഡിസൈൻ (0.9$m^2$ in size - Length : 1.2 m, Height : 0.75m) സർക്കാർ തലത്തിൽ അംഗീകരിച്ചിട്ടുണ്ട്. ആയത് അനുബന്ധമായി ചേർത്തിരിക്കുന്നു. സംസ്ഥാനദുരന്ത പ്രതികരണ നിധി ഉപയോഗിച്ച് പുനരുദ്ധാരണം പൂർത്തീകരിക്കുന്ന എല്ലാ പ്രവൃത്തികളുടെയും ബോർഡ് സർക്കാർ നിർദ്ദേശിച്ച ഡിസൈൻ പ്രകാരമാണെന്നും ശ്രദ്ധയിൽപ്പെടുന്ന വിധം സ്ഥാപിച്ചിട്ടുണ്ടെന്നും ബന്ധപ്പെട്ട നിർവ്വഹണ ഉദ്യോഗസ്ഥൻ ഉറപ്പ് വരുത്തേണ്ടതാണെന്ന് നിർദ്ദേശം നൽകുന്നു.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ.

ANURADHA K C
ജോയിന്റ് സെക്രട്ടറി

ലാൻഡ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം
കമ്മീഷണർ, ദുരന്തനിവാരണം, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരളം, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം
എല്ലാ ജില്ലാ കളക്ടർമാർക്കും
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി
പകർപ്പ്

I/5455611/2022

ബഹു: റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
ദുരന്തനിവാരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി എ ക്ക്
വെബ് & ന്യൂ മീഡിയ, ഐ & പി ആർ ഡി
ദുരന്തനിവാരണ (എ) വകുപ്പ്

Signed by Devi K G
Date: 14-10-2022 14:40:03

## റവന്യൂ ദുരന്തനിവാരണ വകുപ്പ്

# സംസ്ഥാന ദുരന്ത പ്രതികരണ നിധി ഉപയോഗിച്ചുള്ള

## റോഡ് പുനരുദ്ധാരണം

റോഡിന്റെ / പ്രവൃത്തിയുടെ പേര് :

ഭരണാനുമതി ഉത്തരവിന്റെ നമ്പർ :

അടങ്കൽ തുക :

പ്രവൃത്തി ആരംഭിച്ച തീയതി :

പ്രവൃത്തി പൂർത്തീകരിച്ച തീയതി :

പ്രവൃത്തി നിർവ്വഹണം നടത്തിയ ഏജൻസിയുടെ പേര് :

കരാറുകാരന്റെ പേര് :

റോഡിനെ സംബന്ധിച്ചുള്ള മറ്റു വിവരങ്ങൾ :